പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2110 18/03/2015-ൽ മറുപടിക്ക്

# പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വൈദ്യുത കണക്ഷൻ

ചോദ്യം

ശ്രീ.ജി.എസ്. ജയലാൽ

മറുപടി

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വൈദ്യുത കണക്ഷൻ പുതുതായി ലഭിക്കുന്നതിലേക്കായി കഴിഞ്ഞ സർക്കാരിന്റെ കാലാവധി വരെ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയിരുന്നത്; വിശദാംശം അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എതെങ്കിലും ആനുകൂല്യങ്ങൾ നിറുത്തലാക്കിയിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

(എ) യും (ബി)യും

കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2005, നിലവിൽ വരുന്നതിനു മുൻപ് പട്ടിക ജാതി- പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് പ്രത്യേക മുൻഗണനയിൽ ബോർഡ് സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകിയിരുന്നു.

സപ്ലൈകോഡ് 2005, വകുപ്പ് 7 (1) പ്രകാരം വൈദ്യുതി കണക്ഷൻ ആവശ്യമായ വ്യക്തികളിൽ നിന്നും കണക്ഷൻ നൽകുന്നതിന് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിൽ ചെലവ് ഈടാക്കുന്നതിന് ബോർഡിനെ അധികാരപ്പെടുത്തിയിരുന്നു. 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള വ്യകിതികളെ ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് കണക്റ്റഡ് ലോഡ് പരിധിയില്ലാതെ സൗജന്യമായി വൈദ്യുതി കണക്ഷനുകൾ നൽകുന്നത് തുടർന്നുകൊണ്ടിരിന്നു. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം കേരള

ഇലക്ട്രിസിറ്റി സപ്ലൈ കോഡിലെ വ്യവസ്ഥകൾ അനുസരിച്ച് വേണം വൈദ്യുത കണക്ഷനുകൾ നൽകുവാൻ എന്ന് 28/01/2011-ൽ ബോർഡ് ഉത്തരവിറക്കിയിരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ബി.പി.എൽ കുടുംബങ്ങൾക്ക് കണക്റ്റഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ ബോർഡ് നൽകിയിട്ടുണ്ട്. ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

1/04/2014-ൽ പ്രാബല്യത്തിൽ വന്ന കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ലെ വ്യവസ്ഥ പ്രകാരം കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ന്യായമായ നിരക്കിൽ ചെലവ് ഈടാക്കി മാത്രമേ ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുമ്പോൾ കഴിയുകയുള്ളൂ. എന്നാൽ പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ഇവ സൗജന്യമായി നൽകുന്നതിനും ആയതിന് ചെലവാകുന്ന തുക പട്ടികജാതി - പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനും തീരുമാനിച്ച് 9/05/2014-ൽ ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ